# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.440

### 29-05-2019 ൽ മറുപടിക്ക്

### മസാല ബോണ്ടിന് സമാനമായി ബോണ്ടുകൾ

| ചോദ്യം<br><br>ശ്രീ. എ.പി. അനിൽ കുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) മസാല ബോണ്ടിന് സമാനമായി രാജ്യാന്തര കടപ്പത്ര വിപണിയിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വരൂപിക്കുന്നതിനും, രാജ്യാന്തര നിക്ഷേപകരിൽ നിന്നും കൂടുതൽ നിക്ഷേപം കിഫ്ബിയിലേക്ക് ആകർഷിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ബോണ്ടുകളിലൂടെയാണ് ഇപ്രകാരം ധനസമാഹരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നതെന്നും, ആയതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | രാജ്യാന്തര കടപ്പത്ര വിപണിയിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വരൂപിക്കുന്നതിനും, രാജ്യാന്തര നിക്ഷേപകരിൽ നിന്നും കൂടുതൽ നിക്ഷേപം കിഫ്ബിയിലേക്ക് ആകർഷിക്കുന്നതിനുമുള്ള ആലോചനകൾ സജീവമാണ്. എന്നാൽ ഏതു തരത്തിലുള്ള ബോണ്ടുകളിലൂടെ ഇത് നടപ്പിലാക്കണം എന്നതിൽ ഒരു തീരുമാനം എടുത്തിട്ടില്ല. ഇത് നിശ്ചയിക്കുന്ന മുറക്ക് റിസർവ്വ് ബാങ്കിന്റെ അനുമതി തേടുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ഇതിന്റെ ഭാഗമായി കിഫ്ബിയിലെ ഉദ്യോഗസ്ഥരെ ലണ്ടനിൽ പരിശീലനത്തിന് അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയൊക്കെ; എത്ര ദിവസത്തെ പരിശീലനത്തിനാണ് അയച്ചത് എന്നറിയിക്കുമോ ; | വളരെ വിപുലവും സങ്കീർണവുമായ കടപ്പത്ര വിപണിയും ക്യാപിറ്റൽ മാർക്കറ്റ് രീതികളും മനസ്സിലാക്കുന്നതിനും തുടർന്ന് വരാനിരിക്കുന്ന ബോണ്ട് ഇഷ്യൂകൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുവാൻ സാധിക്കണം എന്ന ഉദ്ദേശത്തോടെ കിഫ്ബിയിലെ ധനകാര്യ വിഭാഗത്തിലെ താഴെ പറയുന്ന ഉദ്യോഗസ്ഥരെ 3 ദിവസത്തെ |

| | |
|---|---|
| | പരിശീലനത്തിനായി ലണ്ടണിൽ അയച്ചിരുന്നു.<br>ശ്രീമതി .ആനി ജൂല തോമസ് - ജോയിന്റ് ഫണ്ട് മാനേജർ,<br>ശ്രീമതി. കെ . ജ്യോതി ലക്ഷ്മി - സെക് ഷൻ ഓഫീസർ<br>ശ്രീ .ഹേമന്ത് .ആർ .എസ് -അസിസ്റ്റന്റ്<br>ശ്രീ .ഷാരോൺ വി .എസ് -അസിസ്റ്റന്റ്<br>ശ്രീ .സൂരജ് ടി .വി -അസിസ്റ്റന്റ്<br>ശ്രീ .നൗഷാദ് അബ്ദുൽ ജലീൽ -അസിസ്റ്റന്റ് |
| (ഡി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പരിശീലനം, യാത്രാചെലവ്, താമസം എന്നീ ഇനങ്ങളിൽ എന്തു തുകയാണ് കിഫ്ബിയുടെ അക്കൗണ്ടിൽ നിന്നും ചെലവഴിച്ചത്; വിശദാംശം നൽകുമോ? | പ്രസ്തുത പരിശീലനം, യാത്രാചെലവ്, താമസം എന്നീ ഇനങ്ങളിൽ ഇതുവരെ 10,24,961 രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ